എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 3, ലക്കം 03 | 2022 മാർച്ച് 05




## മൂന്ന് ചെറുകിട ജല വൈദ്യുത പദ്ധതികൾക്കായി ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പു വെച്ചു

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മോൾ ഹൈഡ്രോ പ്രമോഷൻ സെൽ വഴി ബൂട്ട് (Build Own Operate Transfer) അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി സർക്കാർ സ്വകാര്യ സംരഭകർക്കനുവദിച്ച പദ്ധതികളിൽ  മൂന്ന്  പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ്  വൈദ്യുതി വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ സംരഭകർ ഒപ്പ് വെച്ചു. ഈ പദ്ധതികൾ നടപ്പിലാവുന്നതോടുകൂടി 12.75 മെഗാവാട്ട് സ്ഥാപിതശേഷി കൂടി കേരളത്തിന് കൈവരിക്കുവാൻ സാധിക്കും.

പാലക്കാട് ജില്ലയിൽ 6 മെഗാവാട്ട് വീതം ശേഷിയുള്ള ആറ്റ്ല-1, ആറ്റ്ല-2 പദ്ധതികളുടേയും ഇടുക്കി ജില്ലയിൽ 0.75 മെഗാവാട്ട് ശേഷിയുള്ള കനകപ്പുഴ ചെറുകിട ജലവൈദ്യുതപദ്ധതിയും സ്ഥാപിക്കുന്നതിനായാണ് ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പ് വെച്ചത്. 30 വർഷത്തെ ബൂട്ട് കാലാവധി പൂർത്തിയാകുമ്പോൾ സംരഭകർ പദ്ധതികൾ സർക്കാരിന് കൈമാറും. സർക്കാരിനെ പ്രതിനിധീകരിച്ച് ഊർജ്ജ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറി ശ്രീ. ആർ. കെ. സിൻഹ, IAS കരാറിൽ ഒപ്പ് വെച്ചു.

## ഹരിത കെട്ടിടങ്ങൾക്ക് നികുതി ആനുകൂല്യങ്ങൾ; ഇ.എം.സിക്ക് എംപാനൽമെന്റ് ചുമതല

**സം**സ്ഥാനത്ത് പരിസ്ഥിതിസൗഹൃദവും ഊർജ്ജകാര്യക്ഷമവുമായ ഹരിത കെട്ടിടങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർട്ടിഫിക്കേഷൻ റേറ്റിംഗും ലഭ്യമായ ആനുകൂല്യങ്ങളും വിവരിക്കുന്ന സർക്കാർ ഉത്തരവ് പുറത്തിറങ്ങി.

പരിസ്ഥിതിസൗഹൃദമായ കെട്ടിട രൂപകല്പന, കെട്ടിടത്തിൽ അവലംബിച്ചിട്ടുള്ള ഊർജ്ജസംരക്ഷണ- ജലസംരക്ഷണ മാർഗ്ഗങ്ങൾ, സുസ്ഥിരവും തദ്ദേശീയവുമായി ലഭ്യമാകുന്ന നിർമ്മാണ സാമഗ്രികളുടെ ഉപയോഗം, പുനഃസ്ഥാപിക്കാവുന്ന ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം, ഒക്കുപ്പന്റ് കംഫർട്ട് എന്നിവ



പരിഗണിച്ചാകും റേറ്റിംഗ് നൽകുക. ഏറ്റവും ഉയർന്ന നിലവാരം പുലർത്തുന്ന കെട്ടിടങ്ങൾക്ക് 'A' റേറ്റിംഗും അതിന് താഴെ ഉള്ളവയ്ക്ക് 'B' റേറ്റിംഗുമാകും ലഭിക്കുക.

വീടുകൾ, അപ്പാർട്ട്മെന്റുകൾ, വ്യവസായിക കെട്ടിടങ്ങൾ, മറ്റു കെട്ടിടങ്ങൾ എന്നിങ്ങനെ തരംതിരിച്ചായിരിക്കും റേറ്റിംഗ് നൽകുക. കെട്ടിടനികുതിയിൽ പരമാവധി 50% വരെ ഇളവ് അനുവദിച്ചുകൊണ്ടാണ് ഉത്തരവ് നിലവിൽ വന്നിട്ടുള്ളത് (ആനുകൂല്യങ്ങളുടെ വിശദവിവരങ്ങൾ പേജ് 4 ൽ). ഇതിന്റെ സംസ്ഥാനതല നോഡൽ സമിതിയുടെ ചെയർമാന്റെ ചുമതല വഹിക്കുക എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ആയിരിക്കും.

# BEE observes its 20th foundation day with the National Innovation Conclave on Low Carbon Technologies

## More than 35 innovators participated in the exposition organised under the event

The Bureau of Energy Efficiency (BEE), commemorated its 20th Foundation Day by organising the National Innovation Conclave on Low Carbon Technologies on 1st March 2022. This conclave provided a platform to present the innovations showing benefits of energy savings and greenhouse gas emission reduction potential when deployed at a large scale in industrial and commercial sectors.




Union Minister for Power and New & Renewable Energy, Shri. R.K. Singh, addressed the National Innovation Conclave 2022 on the 20th Foundation Day of Bureau of Energy Efficiency

Shri R.K. Singh, Union Minister of Power and New & Renewable Energy, Government of India delivered the special address on the occasion. Shri R.K. Singh emphasized that there is a need to establish a robust ecosystem for innovation. At the conclave, Shri Krishan Pal Gurjar, Minister of State for Power and Heavy Industries, Government of India said that “Energy saving is our responsibility. It is of immense importance for all of us to take steps in the direction of energy conservation and make this country cleaner and greener.”

Shri. Dinesh Kumar A N, Joint Director, EMC and Shri. Subhash Babu B V, Registrar, EMC attended the event representing Kerala.

The event showcased many low carbon technology innovations developed and validated with the support of FLCTD (Facility for Low Carbon Technology Deployment) project. FLCTD is a project financed by the Global Environment Facility (GEF), implemented by the United Nations Industrial Development Organisation (UNIDO) in collaboration with the Bureau of Energy Efficiency (BEE)

More than 35 innovators participated in the exposition organised under the event. On this occasion, a compendium of the FLCTD Accelerator was released and the winners were felicitated. The conclave focussed on the challenges in low-carbon innovation including the need for financing towards commercialization and scale up. The conclave had sessions deliberating on innovating technologies, investments in cleantech innovation and FLCTD’s Accelerator programme.

Since 2018, the FLCTD project has conducted four rounds of innovation challenges. The project has received 558 applications against the innovation challenges and 59 winners were selected by the expert members. The project is assigning INR 18.55 crores to the winners to validate the innovation in actual field conditions. Already 18 technologies have been validated, and ten technologies got commercialized.




Releasing ceremony of compendium of the FLCTD Accelerator, revamped portal of FLCTD, and report on Cold Chain

# ഇക്കോ നിവാസ് സംഹിത, എച്.വി.എ.സി ഡിസൈൻ എന്നീ വിഷയങ്ങളിൽ വെബിനാർ സംഘടിപ്പിച്ചു



**എ**നർജി മാനേജ്മെന്റ് സെന്ററിലെ എനർജി എഫിഷ്യന്റ് ബിൽഡിംഗ് സെല്ലിന്റെ (ഇ.ഇ.ബി സെൽ) പ്രവർത്തനങ്ങളുടെ ഭാഗമായി ഫെബ്രുവരി 15 ന് കേരളത്തിലെ ഗാർഹിക കെട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണ നിയമാവലിയായ "ഇക്കോ നിവാസ് സംഹിത"(ഇ.എൻ.എസ്) എന്ന വിഷയത്തിലും, ഫെബ്രുവരി 16 ന് "കെട്ടിടങ്ങളിലെ ഹീറ്റിംഗ് വെന്റിലേഷൻ എയർ കണ്ടിഷനിംഗ് (HVAC) ഡിസൈൻ" എന്ന വിഷയത്തിലും വെബിനാറുകൾ സംഘടിപ്പിച്ചു.

ശ്രീ. ഗൗരവ് ഷോരെ (ഇ.സി.ബി.സി. മാസ്റ്റർ ട്രെയിനർ) ഇക്കോ നിവാസ് സംഹിതയെ സംബന്ധിച്ച ക്ലാസ് കൈകാര്യം ചെയ്തു.

വീടുകളുടെ ഷെയിഡിങ്, മേൽക്കൂര ദിശാനിർണ്ണയം മുതലായ ഘടകങ്ങൾ കെട്ടിടത്തിലെ ഊർജ്ജ ഉപഭോഗത്തെ എങ്ങിനെ സ്വാധീനിക്കുന്നുവെന്നും, "ഇ.എൻ.എസ് അനലിറ്റിക്കൽ ടൂൾ" ഉപയോഗിച്ച് ഊർജ്ജക്ഷമമായ വീടുകൾ രൂപകല്പന ചെയ്യുന്നത് എങ്ങിനെ ആണെന്നും ശ്രീ. ഷോരെ വിശദീകരിച്ചു.

ശ്രീ. ശിരിഷ് ദേശ്പാണ്ഡെ (ഇ.സി.ബി.സി. മാസ്റ്റർ ട്രെയിനർ) എച്.വി.എ.സി ഡിസൈൻ ക്ലാസ് കൈകാര്യം ചെയ്തു. വാണിജ്യ കെട്ടിടങ്ങളിലെയും ഗാർഹിക കെട്ടിടങ്ങളിലെയും തെർമൽ കംഫോർട്ട്, ഊർജ്ജക്ഷമമായ എയർ കണ്ടിഷനിങ് സംവിധാനങ്ങൾ, റൂഫ്-വാൾ ഇൻസുലേഷൻ, ആക്റ്റീവ്, പാസ്സിവ് കൂളിംഗ് മാർഗങ്ങൾ, കെട്ടിടങ്ങളിലെ മറ്റു താപനിയന്ത്രണ സംവിധാനങ്ങൾ എന്നിവയെക്കുറിച്ചായിരുന്നു വെബിനാർ.

രണ്ട് വെബിനാറുകളിലുമായി ഉദ്യോഗസ്ഥർ, പ്രൊഫെഷണലുകൾ, വിദ്യാർഥികൾ തുടങ്ങി 90 ൽപരം ആളുകളുടെ പങ്കാളിത്തം ഉണ്ടായി.

# കാർബൺ ന്യൂട്രൽ കാട്ടാക്കട; ഊർജ്ജ ഓഡിറ്റ് ആരംഭിച്ചു



**കാ**ട്ടക്കട നിയോജക മണ്ഡലത്തെ കാർബൺ ന്യൂട്രൽ നിയോജക മണ്ഡലമാക്കി മാറ്റുവാനായി വിഭാവനം ചെയ്തിട്ടുള്ള കാർബൺ ന്യൂട്രൽ കാട്ടാക്കട പദ്ധതിയുടെ ഭാഗമായുള്ള പൊതു കെട്ടിടങ്ങളിലെ ഊർജ്ജ ഓഡിറ്റ് ആരംഭിച്ചു. ഊർജ്ജ ഓഡിറ്റിന്റെ ഉദ്ഘാടനം മലയൻകീഴ് പോലീസ് സ്റ്റേഷനിൽ വച്ച് എം.എൽ.എ ശ്രീ. ഐ.ബി സതീശ് നിർവഹിച്ചു.

ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനും, അതുവഴി കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി അവ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമെന്നും ഉദ്ഘാടന വേളയിൽ എം.എൽ.എ ശ്രീ. ഐ.ബി സതീശ് പറഞ്ഞു.

എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ മണ്ഡലത്തിലെ എല്ലാ സർക്കാർ സ്കൂളുകളിലും ഊർജ്ജ ഓഡിറ്റ് നടന്നിരുന്നു. ഇതിന്റെ തുടർച്ചയായാണ് കാർബൺ ന്യൂട്രൽ കാട്ടാക്കട പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിലെ 92 സർക്കാർ സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുക.

# ഊർജ്ജയാൻ പദ്ധതി തൃശ്ശൂർ ജില്ലയിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും നടപ്പിലാക്കി

**നി**യമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്ന ഊർജ്ജയാൻ പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ നിയമസഭാ മണ്ഡലങ്ങളിൽ ഊർജ്ജ ഓഡിറ്റ് പൂർത്തിയായി.

തൃശ്ശൂർ ജില്ലയിലെ 10 നിയോജക മണ്ഡലത്തിലാണ് ഊർജ്ജ ഓഡിറ്റ് പൂർത്തിയായത്. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് അതാത് നിയോജക മണ്ഡലത്തിലെ എം.എൽ.എ മാർക്ക് കൈമാറി. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുത്ത കെട്ടിടങ്ങളിലെ ഊർജ്ജ കാര്യക്ഷമമല്ലാത്ത ഉപകരണങ്ങൾമാറ്റി ഊർജ്ജ കാര്യക്ഷമമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതാണ്.



ഇ.എം.സി ജോയിന്റ് ഡയറക്ടർ (i/c) ശ്രീ. ദിനേശ് കുമാർ എ.എൻ, രജിസ്ട്രാർ ശ്രീ. സുഭാഷ് ബാബു ബി.വി എന്നിവർ ഡൽഹിയിലെ ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്റർ സന്ദർശിച്ചു (സി.ഇ.ഐ.ഐ.സി). കേരളത്തിൽ ഹരിതോർജ്ജ സാങ്കേതികവിദ്യകളുടെ വികസനത്തിനായി സി.ഇ.ഐ.ഐ.സി, ഇ.എം.സി, കെ-ഡിസ്ക് എന്നിവർ ചേർന്ന് കഴിഞ്ഞ മാസം ധാരണാപത്രം ഒപ്പുവച്ചിരുന്നു.

## Incentives for Green Buildings

(As per Guidelines of G.O.(Ms)No. 39/2022/LSGD dated 25/02/2022)

| | | Grade A | Grade B | Remarks |
|---|---|---|---|---|
| 1 | One time building tax | 50% reduction | 25% reduction | This is applicable for newly constructed green buildings. Hence is not applicable to existing buildings. |
| 2 | Stamp duty | 1% reduction | 0.5% reduction | If the construction and certification of green buildings happens after transaction of property (where transaction occurs on or after the date of issue of this guideline), incentive equivalent to prescribed reduction in stamp duty based on the value of existing green building as per valuation certification calculated as per CPWD rate is applicable. |
| 3 | Property tax | 20% reduction | 10% reduction | This rebate is for two years. After two years, the appicant has to submit a certificate of compliance for availing the rebate further. |

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Ijas M. A. (Member)
Er. Tomson Sebastian (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256